(ഡി ആന്റ് ഇ) രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ജല വൈദ്യുത പദ്ധതി നിർവ്വഹണം യൂണിഡോ റീജിയണൽ സെന്ററിന്റെ പരിധിയിൽ വരുന്നില്ല. എന്നാൽ 'Rural Energy For Production Use' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ വൈദ്യുതി എത്തിയിട്ടില്ലാതിരുന്ന പഞ്ചായത്തായ മാങ്കുളത്ത് 110 KW മൈക്രോ ഹൈഡൽ പദ്ധതി യൂണിഡോ സഹായത്താൽ 28-10-2004-ൽ കമ്മീഷൻ ചെയ്തു.

മണ്ണ്, ജലസംരക്ഷണ പ്രക്രിയകൾക്കുള്ള വാട്ടർഷെഡ് പദ്ധതി

*12 [571] ശ്രീ. പി. കെ. കെ. ബാവ:
" സി. ടി. അഹമ്മദ് അലി:
" സി. മമ്മൂട്ടി:
" ചെർക്കളം അബ്ദുള്ള:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ്, ജല സംരക്ഷണ പ്രക്രിയകൾക്ക് പ്രാധാന്യം നൽകിയിട്ടുള്ള വാട്ടർഷെഡ് പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കൂടുതൽ പ്രദേശങ്ങളിൽ ഇത്തരം വികസന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കൃഷി (മണ്ണു സംരക്ഷണം) വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത വാട്ടർഷെഡുകളിൽ മണ്ണു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

(1) നബാർഡ് സഹായത്തോടെ നടപ്പിലാക്കി വരുന്ന ആർ. ഐ. ഡി. എഫ്. പദ്ധതി.

(2) ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശവുമായി ബന്ധപ്പെട്ട മണ്ണു സംരക്ഷണ പദ്ധതി.

(3) കബനി നദീതട മണ്ണുസംരക്ഷണ പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതി).

(4) ദേശീയ നീർമറി വികസന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണ്ണ്, ജല സംരക്ഷണ പദ്ധതിയിൻകീഴിൽ ഓരോ വർഷവും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പുതിയ പദ്ധതികൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നുണ്ട്.

(സി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. †

പൊതുവിതരണ സമ്പ്രദായത്തിൽ കേന്ദ്ര സർക്കാരിന്റെ നയവ്യതിയാനം

*13 [572] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
" വി. ചെന്താമരാക്ഷൻ:
" മത്തായി ചാക്കോ:
" കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വില നിശ്ചയിക്കുന്നതിലും അലോക്കേഷൻ നടത്തുന്നതിലും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നയവ്യതിയാനം സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) ഈ കേന്ദ്രനയം പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എൻ.ഡി.എ. ഗവൺമെന്റ് കൊണ്ടുവന്ന ഈ നയം പുനഃപരിശോധിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ;

(ഡി) കേന്ദ്രനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിൽകൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ ആന്റ് ബി) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം 1-6-1997 മുതൽ കേരളത്തിൽ നടപ്പിലാക്കി. ഇതനുസരിച്ച് മൊത്തം കാർഡുടമകളെ എ.പി.എൽ., ബി.പി.എൽ. എന്നീ രണ്ട് വിഭാഗങ്ങളായി തരംതിരിക്കുകയും ചെയ്തു. എ.പി.എൽ. അരിയുടെ സബ്സിഡി കേന്ദ്ര സർക്കാർ ഗണ്യമായി കുറച്ചതിന്റെ ഫലമായി എ.പി.എൽ. അരിയുടെ വില

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly